# Desabhimani

# 31 August 2018

# Kochi, After Flood, Mayor, All-Party Meeting

## മേയർ വിളിച്ച സർവകക്ഷിയോഗം പ്രഹസനമായി

സ്വന്തം ലേഖകൻ

**കൊച്ചി**

പ്രളയവും ദുരിതാശ്വാസ പ്രവർത്തനത്തിലെ ആദ്യഘട്ടവും കഴിഞ്ഞപ്പോൾ ദുരിതാശ്വാസ പ്രവർത്തനം ചർച്ച ചെയ്യാൻ കൊച്ചി നഗരസഭാ മേയർ വിളിച്ചു ചേർത്ത സർവകക്ഷി യോഗം പ്രഹസനമായി.

ദുരന്തമുഖത്തോ ദുരിതാശ്വസ പ്രവർത്തനത്തിനോ തിരിഞ്ഞുനോക്കാതിരുന്ന മേയർ സൗമിനി ജെയ്ൻ , അതിനു തയ്യാറായ ജീവനക്കാരെ യോഗത്തിൽ അധിക്ഷേപിക്കാനാണ് ശ്രമിച്ചത്. പ്രതിപക്ഷ അംഗങ്ങൾ സർവകക്ഷി യോഗത്തിൽനിന്ന് ഇറങ്ങിപ്പോയി.

പ്രത്യേക അജൻഡപോലുമില്ലാതെയാണ് മേയർ വ്യാഴാഴ്ച സർവകക്ഷി യോഗം വിളിച്ചുചേർത്തത്. സാങ്കേതികത്വം നോക്കാതെ പ്രതിപക്ഷ നേതാവുൾപ്പെടെ മുഴുവൻ പ്രതിപക്ഷ അംഗങ്ങളും പങ്കെടുത്തു. നഗരസഭാ അതിർത്തിയിൽ പ്രളയം ബാധിച്ചവരെ എങ്ങനെ പുനരധിവസിപ്പിക്കണമെന്നുപോലും പറയാതെ മേയർ തുടക്കത്തിലെ തന്നെ ഉദ്യോഗസ്ഥർക്ക് എതിരെ തിരിഞ്ഞു. അവധിദിവസം പോലും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും ശുചീകരണത്തിനുമായി ഇറങ്ങിയ നഗരസഭാ സെക്രട്ടറിയടക്കമുള്ള ജീവനക്കാരുടെ പ്രവർത്തനങ്ങളെ വിലയിരുത്താനും തെറ്റുകൾ കണ്ടുപിടിച്ച് വിമർശിക്കാനുമാണ് മേയർ തയ്യാറായത്. കെവി ക്യാമ്പിൽ തന്റെ വാർഡിൽനിന്ന് പോയവർക്ക് ഒന്നും കിട്ടിയില്ലെന്നുവരെ മേയർ പറഞ്ഞുവച്ചു. വസ്തുതകൾവച്ച് ഇത് തെറ്റാണെന്ന് ബോധ്യപ്പെടുത്തിയപ്പോൾ എന്നാൽ അവർ കള്ളം പറഞ്ഞതായിരിക്കുമെന്നായിരുന്നു മറുപടി. സർക്കാരിന്റെ തീരുമാനപ്രകാരം പ്രവർത്തിച്ച സെക്രട്ടറിയെയും അഡീഷനൽ സെക്രട്ടറിയെയും ഭക്ഷ്യ വിതരണത്തിന്റെ കാര്യം പറഞ്ഞ് ശാസിച്ചു. ഈ ഘട്ടത്തിൽ എൽഡിഎഫ് അംഗങ്ങൾ ഇടപെട്ടു. ആദ്യം മേയർ എടുത്ത തീരുമാനങ്ങളും നടപടികളും വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടു. കണ്ണൂർ മേയർ ഏലൂരിലും തിരുവനന്തപുരം മേയർ ചെങ്ങന്നൂരിലും എത്തി ദിവസങ്ങളോളം ശുചീകരണപ്രവർത്തനങ്ങൾ നടത്തിയപ്പോൾ തൊട്ടടുത്തുള്ള മേയർ സൗമിനി ജെയ്ൻ എന്തുചെയ്തുവെന്ന് പ്രതിപക്ഷ നേതാവ് കെ ജെ ആന്റണി ചോദിച്ചു. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സർവകക്ഷി യോഗത്തിൽ ഊന്നൽ നൽകണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു. എന്നാൽ ഇതിനു വഴങ്ങാതെ വീണ്ടും ഉദ്യോഗസ്ഥന്മാരെ പഴി പറയാനാണ് മേയർ തയ്യാറായത്. ദുരിതാശ്വാസ പ്രവർത്തനം നടത്താനോ ഇവ ഏകോപിപ്പിക്കാനോ കഴിയാതിരുന്നതിന്റെ ജാള്യം മറയ്ക്കാനാണ് മേയർ ശ്രമിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എൽഡിഎഫ് അംഗങ്ങൾ ഒരു മാസത്തെ ഓണറേറിയം നൽകുമെന്നും പ്രതിപക്ഷ നേതാവ് പ്രഖ്യാപിച്ചു. മറ്റ് അംഗങ്ങളും അതിനു തയ്യാറാകണമെന്ന് അഭ്യർഥിച്ചിട്ടും ആലോചിക്കാം എന്ന മറുപടി മാത്രമാണ് ഉണ്ടായത്.

കോർപറേഷൻ എന്ന നിലയിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊച്ചി നഗരസഭ ഒന്നും നൽകിയിട്ടില്ല.

തനത് ഫണ്ട് ഉപായേഗിച്ച് ദുരിതം അനുഭവിക്കുന്ന മുഴുവൻ ജനതയ്ക്കും സഹായമെത്തിക്കണമെന്ന സർക്കാർ തീരുമാനം കൗൺസിൽ വിളിച്ചുകൂട്ടി അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും മേയർ അതിനും തയ്യാറായില്ല. ഈ നിലപാടിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷ അംഗങ്ങൾ യോഗം ബഹിഷ്കരിച്ചത്.